# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3488 14.03.2017- ൽ മറുപടിയ്ക്ക്

## തിരിച്ചെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ തുടങ്ങാൻ കൂടുതൽ സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| എ) തിരിച്ചെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ പദ്ധതികൾ തുടങ്ങാൻ കൂടുതൽ സഹായം നല്കുന്നത് പരിഗണിക്കുമോ; | എ) യും ബി) യും തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ, സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നല്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). നോർക്ക റൂട്ട്സും കാനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി ഒപ്പ വയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവ് നല്കിയാണ് മേൽ പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. |
| ബി) നിലവിലുള്ള പദ്ധതികൾ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | |

(മറുപുറം)

ടി പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രൈമറി അഗ്രികൾച്ചറൽ സൊസൈറ്റികൾ, കേരള പിന്നാക്ക വിഭാഗ് വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂന പക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവയുമായി സഹകരിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞു വരുന്നു. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനവുമായി സഹകരിച്ച് തിരിച്ച വരുന്ന പ്രവാസികൾക്ക് വിവിധ മേഖലകളിൽ ഹ്രസ്വകാല പരിശീലനം നല്കി ചെറുകിട സംരംഭങ്ങൾ തുടങ്ങാനോ സ്വയം തൊഴിൽ ചെയ്ത് വരുമാനം കണ്ടെത്താനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ